(ഡി) നടപ്പുസാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം ജനറൽ ഹൗസിംഗ് പദ്ധതി നടപ്പിലാക്കുന്നതിലെ ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.* ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതി മുഖാന്തിരം വിവിധ ജില്ലകളിൽ 9337 വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഊരുകൂട്ട ലിസ്റ്റിൽനിന്നും മുൻഗണനാക്രമത്തിലാണ് ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുക്കുന്നത്.

സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങളുടെ ജീവിതാവസ്ഥ

268 (4259) ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. വി. ശശി :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ആദിവാസി വിഭാഗങ്ങളുണ്ട് ; ഈ വിഭാഗങ്ങളിലെല്ലാം കൂടി എത്ര കുടുംബങ്ങളുണ്ട് ; ഇതിൽ സ്വന്തമായി വീടോ, ഭൂമിയോ ഇല്ലാത്ത കുടുംബങ്ങളുണ്ടോ ; എങ്കിൽ എത്ര വീതം ;

(ബി) അഞ്ചു സെന്റിന് താഴെ ഭൂമിയുള്ള എത്ര കുടുംബങ്ങളുണ്ട്; ഇതിൽ ഭൂമിക്ക് പട്ടയം ലഭിച്ചവർ എത്ര ;

(സി) ഇവരിൽ സ്വന്തമായി കക്കൂസും അടുക്കളയും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത എത്ര പേരുണ്ട് ; ആദിവാസി ക്ഷേമത്തിന്റെ പേരിലുള്ള തട്ടിപ്പുകൾ തടയുന്നതിന് ഏതു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 37 ആദിവാസി വിഭാഗങ്ങളുണ്ട്. 2008-ൽ നടത്തിയ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സർവ്വെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി കുടുംബങ്ങളുടെ എണ്ണം 107965

ഭൂമി ഇല്ലാത്ത കുടുംബങ്ങൾ 5158

സ്വന്തമായി വീടില്ലാത്തവർ 30308(2014-ൽ ശേഖരിച്ച കണക്ക്)

(ബി) അഞ്ച് സെന്റിന് താഴെ ഭൂമിയുള്ള കുടുംബങ്ങൾ - 20320 പട്ടയം ലഭിച്ചവർ - 6886

(സി) വിവരം ശേഖരിച്ച് വരുന്നു.

(ഡി) പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത നിരക്ഷരരായ ആദിവാസികളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ട്. പദ്ധതിയുടെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

2012-13 സാമ്പത്തികവർഷം മുതൽ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ ജില്ലകളിൽ നടപ്പാക്കുന്നു. സ്ഥലം എം.എൽ.എ. ചെയർമാനായും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും അഞ്ചാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം സർക്കാരിന്റെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെല്ലും പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly